# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

### തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145

**തീയതി: 01.03.2018**

# പത്രക്കുറിപ്പ്

### ട്രക്കിംഗും വന്യജീവി സങ്കേതങ്ങളിലേക്കുള്ള പ്രവേശനവും നിരോധിച്ചു

സംസ്ഥാനത്തെ വനങ്ങൾക്കുള്ളിലെ ട്രക്കിംഗും വന്യജീവി സങ്കേതങ്ങളിലേക്കുള്ള പൊതുജനങ്ങളുടെ പ്രവേശനവും താത്ക്കാലികമായി നിരോധിച്ചതായി ചീഫ് വൈൽഡ്ലൈഫ് വാർഡനും മുഖ്യവനം മേധാവിയുമായ പി.കെ. കേശവൻ അറിയിച്ചു. തേനി വനമേഖലയിലെ ട്രക്കിംഗിനിടയിൽ കാട്ടുതീയിൽപ്പെട്ട് നിരവധി പേർ മരിച്ച ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് നിരോധനം.

വനം വകുപ്പിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു കാരണത്താലും പൊതുജനങ്ങളെ കാട്ടിലേയ്ക്ക് പ്രവേശിപ്പിക്കില്ല. താത്ക്കാലികമായി അടച്ചിടുന്ന വന്യജീവി സങ്കേതങ്ങളിലും മറ്റ് സന്ദർശക കേന്ദ്രങ്ങളിലും ആവശ്യമായ പരിശോധനകൾ നടത്തി അവ പൂർണ്ണമായും സുരക്ഷിതമാണെന്ന് ഉറപ്പാക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പുന:പ്രവേശനം അനുവദിക്കൂ. വൈൽഡ്ലൈഫ് വാർഡൻമാരേയും ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാരേയും ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. പുന:പ്രവേശനം അനുവദിക്കുന്ന കേന്ദ്രങ്ങളിൽ കാട്ടുതീ സാധ്യതാമേഖലകൾ, കാട്ടുതീ തടയുന്നതിനുള്ള മുൻകരുതലുകൾ, രക്ഷാപ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച് പൊതുജനങ്ങൾക്കായി 15 മിനിറ്റുള്ള വിവരണം നൽകും. തീപ്പെട്ടി, ലൈറ്റർ, പുകയിലെ ഉല്പന്നങ്ങൾ, തീയുണ്ടാക്കാൻ സാദ്ധ്യതയുള്ള മറ്റെല്ലാ സാധനങ്ങൾക്കും നിരോധനമുണ്ടാകും. ഫയർ ലൈനുകൾ യഥാസമയം വൃത്തിയാക്കി കൂടുതൽ സുരക്ഷയൊരുക്കും. വനം വകുപ്പ് ജീവനക്കാർ,താത്ക്കാലിക വാച്ചർമാർ എന്നിവരെല്ലാം അപകടം ഒഴിവാക്കുന്നതിനുള്ള എല്ലാവിധ മുൻകരുതലുകളും എടുക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മുഖ്യവനപാലകൻ അറിയിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ